പതിമൂന്നാം കേരള നിയമസഭ ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2043 12/02/2013 - ൽ മറുപടിക്ക്

## മത്സ്യവിത്ത് നിയമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. എൻ. പ്രതാപൻ:<br>,, പാലോട് രവി:<br>,, സണ്ണി ജോസഫ്:<br>,, ലൂഡി ലൂയിസ്: | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) സംസ്ഥാനത്ത് മത്സ്യവിത്ത് നിയമം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ; | (എ). മത്സ്യവിത്തുകളുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിനും അവയുടെ ഉല്പാദനം, വിതരണം, സംഭരണം എന്നിവ നിയന്ത്രിക്കുന്നതിനുമായി മത്സ്യവിത്ത് നിയമം നടപ്പാക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |
| (ബി) മത്സ്യവിത്തുകളുടെ ഗുണനിലവാരം ഉയർത്തുന്നതിനും ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി എന്തെല്ലാം വ്യവസ്ഥകളാണ് പ്രസ്തുത നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടിൽ മത്സ്യവിത്ത് ഉൽപ്പാദിപ്പിക്കുന്ന ഹാച്ചറികൾ രജിസ്റ്റർ ചെയ്യുന്നതിനും മത്സ്യവിത്ത് സർട്ടിഫൈ ചെയ്യുന്നതിനും വേണ്ട ചില വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മത്സ്യവിത്ത് ഉൽപ്പാദനത്തിനും വിതരണത്തിനും സംരക്ഷണത്തിനും ബന്ധപ്പെട്ട കാര്യങ്ങൾക്കുമായി ഒരു പ്രത്യേക സമഗ്രവിത്ത് നിയമം |

കൊണ്ടുവന്നാൽ മാത്രമേ ഈ രംഗത്ത് ഇപ്പോൾ നിലനിൽക്കുന്ന അരക്ഷിതാവസ്ഥ ഇല്ലാതാക്കി കാര്യങ്ങൾ ഉദ്ദേശിക്കുന്ന ഫലപ്രാപ്തിയിൽ എത്തിക്കാൻ കഴിയുകയുള്ളൂ എന്ന് ബോദ്ധ്യപ്പെട്ടതിനാൽ 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടിൽ ഈ വിഷയം സംബന്ധിച്ച് ഉൾപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾ, പ്രസ്തുത ആക്ടിൽ നിന്നും ഒഴിവാക്കിക്കൊണ്ട് ഒരു സമഗ്ര മത്സ്യവിത്ത് നിയമം കൊണ്ടു വരുന്നത് പരിശോധിച്ചു വരുന്നു. മത്സ്യവിത്ത് ഉൽപ്പാദനവും വിപണനവും ഗുണമേന്മയും സംബന്ധിച്ച് സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുക, മത്സ്യവിത്ത് ഫാമിനും ഹാച്ചറികൾക്കും രജിസ്ട്രേഷൻ നൽകുക, സീഡ് സർട്ടിഫിക്കേഷൻ നൽകുക, ബന്ധപ്പെട്ട മറ്റ് കാര്യങ്ങൾ ചെയ്യുക തുടങ്ങിയവയ്ക്കായി സംസ്ഥാനതലത്തിൽ ഒരു മത്സ്യവിത്ത് സെന്റർ കൊണ്ടു വരുന്നതിനും സംസ്ഥാന സെന്ററിനുപുറമേ സംസ്ഥാനത്തെ എല്ലാ ജില്ലകളും ഉൾപ്പെട്ട് വരത്തക്ക തരത്തിൽ മൂന്ന് റീജിയണൽ ഫിഷ് സീഡ് സെന്ററുകൾ കൂടി രൂപീകരിക്കുന്നതിനും റീജിയണൽ തലത്തിൽ ഫിഷറീസ് ലബോറട്ടറികൾ രൂപീകരിക്കുന്നതിനും നിലവിലുള്ള ഏതെങ്കിലും സീഡ് ലബോറട്ടറിയെ

| | |
|---|---|
| | ഫിഷ് സീഡ് ലബോറട്ടറിയായി പ്രഖ്യാപിക്കുന്നതിനും വ്യവസ്ഥ ചെയ്യുവാനും സർക്കാർ വിജ്ഞാപനം വഴി നിയമിക്കുന്ന ഫിഷ് സീഡ് അനലിസ്റ്റിനെ ഫിഷ് സീഡ് പരിശോധനയ്ക്കായി ചുമതലപ്പെടുത്തുവാനും ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വ്യവസ്ഥകൾക്കും ഇതിൻകീഴിൽ കൊണ്ടുവരുന്ന ചട്ടങ്ങൾക്കും വിരുദ്ധമായ പ്രവർത്തനങ്ങൾക്ക് പിഴ ചുമത്തുന്നതിന് വ്യവസ്ഥ ഉൾപ്പെടുത്തുന്നതും പരിഗണിച്ചു വരുന്നു. |
| (സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ? | (സി) നിയമനിർമ്മാണത്തിന്റെ പ്രാരംഭമായി കരട് ബിൽ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ